(എ) നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് പരിസ്ഥിതി അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ;

(ബി) പരിസ്ഥിതി അനുമതിക്കുവേണ്ടി സംസ്ഥാന സർക്കാർ അപേക്ഷ സമർപ്പിച്ചതെന്നാണ് ;

(സി) ആദ്യഘട്ടത്തിൽ തുറമുഖത്തിന്റെ നിർമ്മാണത്തിന് എത്ര തുകയാണ് ആവശ്യമായിട്ടുള്ളത് ; ഈ തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) തുറമുഖ നിർമ്മാണത്തിന് ഇതുവരെ എത്ര കമ്പനികൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് ; ഇതിൽ എത്ര കമ്പനികൾക്കാണ് യോഗ്യതയുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) :

(എ) പാരിസ്ഥിതികാനുമതിക്കായി പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പരിസ്ഥിതി കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ക്ലിയറൻസിന്റെ ആദ്യഘട്ടമായ Form No.1&ToR അംഗീകരിച്ചിട്ടുണ്ട്. പഠനം പൂർത്തിയാകുന്നമുറയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അന്തിമ അംഗീകാരം ലഭിക്കുന്നതാണ്.

(ബി) 2010 ഒക്ടോഹർ 5-ാം തീയതി.

(സി) ആദ്യഘട്ട നിർമ്മാണത്തിന് 2500 കോടി രൂപയാണ് ആവശ്യമെന്ന് കണക്കാക്കിയിട്ടുള്ളത്. 937 കോടി രൂപയോളം ചിലവു പ്രതീക്ഷിക്കുന്ന ടെർമിനലും അനുബന്ധ സാമഗ്രികളും PPP-യിലൂടെയും ബാക്കി തുക SBT-യുടെ നേതൃത്വത്തിലുള്ള ബാങ്കുകളുടെ കൺസോർഷ്യത്തിലൂടെയും സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ഡി) തുറമുഖ നിർമ്മാണത്തിനുവേണ്ടി ആഗോള ടെണ്ടർപ്രകാരം 14 കമ്പനികൾ യോഗ്യതാ പത്രം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ സൂക്ഷ്മപരിശോധന അന്തിമഘട്ടത്തിലാണ്.

നാലാം സംസ്ഥാന ധനകാര്യകമ്മീഷൻ

18 (*17) ശ്രീ. പി. ജയരാജൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതത്തിൽ കമ്മീഷൻ 2011-12 സാമ്പത്തികവർഷം എന്തുമാത്രം വർദ്ധനവ് നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കൂടുതൽ അധികാരങ്ങൾ വികേന്ദ്രീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഇപ്പോൾ തദ്ദേശസ്ഥാപനങ്ങൾക്ക് വിവിധ ഇനങ്ങളിലായി എത്ര രൂപയാണ് നൽകുന്നത് ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന് സമർപ്പിച്ചു. രണ്ടാം ഭാഗം ഫെബ്രുവരി മാസം സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി-ഡി) സംസ്ഥാന ധനകാര്യകമ്മീഷൻ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷനാണ്. അതിന്റെ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന്റെ പരിഗണനയിലാണ് റിപ്പോർട്ട് നിയമസഭയിൽ വച്ചതിനുശേഷംമാത്രമേ അതിലെ ഉള്ളടക്കം വെളിപ്പെടുത്താൻ നിർവ്വാഹമുള്ളു.

(ഇ) 2010-11 സാമ്പത്തികവർഷത്തെ യഥാർത്ഥകണക്ക് ലഭ്യമായിട്ടില്ല. ആകയാൽ നടപ്പുസാമ്പത്തികവർഷം (2010-11) തദ്ദേശ സ്ഥാപനങ്ങൾക്ക് വിവിധ ഇനങ്ങളിലായി നൽകുന്നതിന് ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഹിതം താഴെ കൊടുത്തിരിക്കുന്നു.

വികസനഫണ്ട്	:	2,00,962	ലക്ഷം രൂപ
സംരക്ഷണഫണ്ട്	:	44,058	"
പൊതുആവശ്യഫണ്ട്	:	43,924	"
ആകെ	:	2,88,944	"

കൂടാതെ, കൈമാറ്റം ചെയ്യപ്പെട്ട വിവിധ വകുപ്പുകൾവഴി ബി ഫണ്ട് ഇനത്തിൽ നൽകുന്നതിനായി 1,64,292 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം

20 (*19) ശ്രീ. എൻ. രാജൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളവും തമിഴ്നാടും ജലം പങ്കിടുന്ന പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly